കൂലിപ്പണിക്കാരായ കർഷകർക്കു പുറത്തുപോയി ജോലിചെയ്യാൻ കഴിയാത്ത സാഹചര്യത്തിൽ അവർക്ക് സൗജന്യറേഷൻ കിട്ടുന്നുണ്ട്. എങ്കിലും അതിനുപുറമെ ഈ ദരിദ്രവിഭാഗക്കാരായ ജനവിഭാഗത്തിന് 2 ആഴ്ചത്തെ സൗജന്യറേഷൻ നൽകുന്നതിനുകൂടി നടപടി സ്വീകരിക്കണം. ദുരിതാശ്വാസ ക്യാമ്പിൽവച്ച് മരണപ്പെട്ടയാളുടെ കുടുംബത്തിന് ആശ്വാസം എത്തിക്കാനും, അതുപോലെ വെള്ളത്തിൽ ഒലിച്ചുപോയ ആളെ കണ്ടെത്തുന്നതിനും ക്രൈസിസ് മാനേജ്മെന്റ് സെൽ രൂപീകരിച്ചുകൊണ്ട് അടിയന്തിരനടപടി സ്വീകരിക്കണമെന്നും, അതുപോലെ അത്യാവശ്യമായ ക്യാമ്പുകളിൽ ഗവൺമെന്റ് നേരിട്ട് ഇടപെട്ട് വേണ്ട ആശ്വാസനടപടികൾ സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):* സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതുപോലെ വയനാട് ജില്ലയിൽ പ്രകൃതിക്ഷോഭംമൂലം വളരെയേറെ നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്. ആദിവാസികൾക്ക് സൗജന്യറേഷൻ കൊടുക്കുന്നുണ്ട്. പ്രകൃതിക്ഷോഭംമൂലം അഫക്ടഡ് ആയിട്ടുള്ള ആളുകൾക്ക് രണ്ടാഴ്ചത്തെ സൗജന്യറേഷൻ നൽകാൻ നിർദ്ദേശം കൊടുക്കുന്നതാണ്. അതുപോലെതന്നെ മരിച്ചവരുടെ കുടുംബങ്ങൾക്കു വേണ്ട സഹായവും എത്തിച്ചുകൊടുക്കുന്നതാണ്.

(17) ആലത്തൂരിലെ വോൾട്ടേജ് ക്ഷാമം

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, ആലത്തൂർ അസംബ്ലി നിയോജകമണ്ഡലത്തിലുൾപ്പെടുന്ന പ്രദേശങ്ങൾ രൂക്ഷമായ വൈദ്യുതിക്ഷാമം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ ഫലമായി വീടുകളിൽ ഗൃഹോപകരണങ്ങൾ പ്രവർത്തിപ്പിക്കാൻ കഴിയുന്നില്ല. പകൽസമയത്തുപോലും ഇടത്തരം ചെറുകിടവ്യവസായസ്ഥാപനങ്ങൾക്ക് പ്രവർത്തിക്കാൻ കഴിയുന്നില്ല. വേനൽക്കാലത്ത് രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവിക്കുന്ന സമയത്ത് പമ്പിംഗ് നടത്താൻ കഴിയുകയില്ല. ഇപ്പോൾ മഴക്കാലമായതുകൊണ്ട് ആ പ്രശ്നം രൂക്ഷമല്ല. പക്ഷേ, തെരുവുവിളക്കുകൾ കത്തേണ്ടത് ആവശ്യമാണ്. അവിടെ തെരുവുവിളക്ക് കത്തുന്നത്, അവിടെ പോസ്റ്റ് ഉണ്ടെന്ന് കാണിക്കാൻവേണ്ടി മാത്രമാണ്. 'മിന്നാമിനുങ്ങിന്റെ നുറുങ്ങുവെട്ടം'പോലെ ചെറുതായാണ് അവ കത്തുന്നത്. ഈ രൂക്ഷമായ പ്രതിസന്ധി പരിഹരിക്കാൻവേണ്ടി ആലത്തൂർ അസംബ്ലി നിയോജകമണ്ഡലത്തിന്റെ പരിധിയിൽവരുന്ന വണ്ടാഴി പഞ്ചായത്തിലെ ചിറ്റടിയിലും കിഴക്കഞ്ചേരി പഞ്ചായത്തിലെ കോരഞ്ചിറയിലും കണ്ണമ്പ്ര പഞ്ചായത്തിലെ കാരപ്പൊറ്റ, ചേരാമംഗലം, മേലാർക്കോട് തുടങ്ങിയ പ്രദേശങ്ങളിലും 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മന്ത്രി അതിന് അനുഭാവപൂർണ്ണമായ ഒരു സമീപനം സ്വീകരിക്കണം. ഏറ്റവും ചുരുങ്ങിയത് കണ്ണമ്പ്ര പഞ്ചായത്തിലെ കാരപ്പൊറ്റയിലും വണ്ടാഴിയിലെ ചിറ്റടിയിലും രണ്ട് സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ഊർജ്ജ വകുപ്പുമന്ത്രി *(ശ്രീ. ആര്യാടൻ മുഹമ്മദ്):* സർ, ബഹുമാനപ്പെട്ട മെമ്പർ വളരെ സത്യസന്ധമായി കാര്യങ്ങൾ പറയുന്ന ആളാണ്. എങ്കിലും ഇത് എനിക്ക് വിശ്വസിക്കാൻ സാധിക്കുന്നില്ല. എനിക്കു കിട്ടിയ റിപ്പോർട്ട് അനുസരിച്ച് വണ്ടാഴി പഞ്ചായത്തിലെ ചിറ്റടി പ്രദേശത്ത് 66 കെ.വി. സബ്സ്റ്റേഷനിൽനിന്നും 15 കിലോമീറ്റർ 11 കെ.വി. ഫീഡർ ലൈൻ വലിച്ചിട്ടുണ്ട്. അതുകൊണ്ട് അവിടെ തൽക്കാലം വോൾട്ടേജിന്റെ പ്രശ്നം ഇല്ലെന്നാണ് റിപ്പോർട്ട് വന്നിട്ടുള്ളത്. അതുപോലെതന്നെ രണ്ടാമത്തേത്, കോരഞ്ചിറ കിഴക്കഞ്ചേരിപ്രദേശത്ത് 110 കെ.വി. സബ്സ്റ്റേഷനിൽനിന്നും 12 കിലോമീറ്റർ 11 കെ.വി. ഫീഡർവഴി വരുന്നതുകൊണ്ട് അവിടെയിപ്പോൾ വളരെയധികം സ്ഥിതി മെച്ചപ്പെട്ടിട്ടുണ്ട് എന്നാണറിയുന്നത്. അതുകൊണ്ട് അങ്ങ് പറയുന്നത് തെറ്റാണെന്ന് ഞാൻ പറയുന്നില്ല; ഇക്കാര്യം പരിശോധിക്കാം. മൂന്നാമത്തെ കാര്യം, കാരപ്പൊറ്റ കണ്ണമ്പ്ര പ്രദേശത്ത് 110 കെ.വി. സബ്സ്റ്റേഷനിൽനിന്നും 10 കിലോമീറ്റർ ദൂരം 11 കെ.വി. ഫീഡർവഴിയാണ് വൈദ്യുതി വിതരണം നടത്തുന്നത്. ഈ ഫീഡർ ലോഡ് വളരെ കുറവാണ്. അവിടെ വോൾട്ടേജ് ക്ഷാമത്തിന് സാധ്യതയില്ല എന്നാണ് എഴുതിവന്നത്. ചേരാമംഗലം മേലാർക്കാട് പ്രദേശത്ത് നെന്മാറ 66 കെ.വി. സബ്സ്റ്റേഷനിൽനിന്നും 6 കിലോമീറ്റർ ദൂരം 11 കെ.വി. ഫീഡർവഴിയാണ് വൈദ്യുതിവിതരണം നടത്തിവരുന്നത്. ഈ ഫീഡർ ലോഡും വളരെ കുറവാണ്. മുകളിൽ പറഞ്ഞ 4 പ്രദേശങ്ങളിൽ നിലവിലുള്ള 11 കെ.വി. ഫീഡറുകളിൽനിന്നും തൃപ്തികരമായ വോൾട്ടേജിൽ വൈദ്യുതി വിതരണം നടത്തിവരുന്നതിനാൽ പ്രസ്തുത പ്രദേശങ്ങളിലൂടെ പുതിയ 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കേണ്ട ആവശ്യം നിലവിലില്ല എന്നാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. എന്നാൽ ഭാവിയിൽ വോൾട്ടേജ് ക്ഷാമം ഉണ്ടാകാൻ സാധ്യതയുണ്ട് എന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിൽനിന്നും മനസ്സിലാക്കുന്നു. ഭാവി നോക്കിക്കൊണ്ടാണല്ലോ എല്ലാ കാര്യങ്ങളും ചെയ്യേണ്ടത്. അങ്ങിവിടെ പറഞ്ഞതിൽനിന്നും ചിറ്റടിയിൽ ഇപ്പോൾ ആവശ്യമില്ലെങ്കിലും ഭാവിയിൽ ആവശ്യമുണ്ടാകാം എന്നതു പരിഗണിച്ച് ഒരു 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കാം എന്ന് ഞാൻ പറയുകയാണ്. രണ്ടാമത്തെ കാര്യം ആലത്തൂരിലെ ഒരു 33 കെ.വി. സബ്സ്റ്റേഷന്റെ പണി അവിടെ ചില കേസും വഴക്കും വന്നതുകാരണം നിർത്തിവച്ചിരുന്നു. അത് വീണ്ടും ആരംഭിച്ചിട്ടുണ്ട്. അതിൽ ഒരു കോമ്പ്രമൈസ് ഉണ്ടാക്കാൻ അങ്ങും സഹായിച്ചു. അതിന്റെ പണി ഇപ്പോഴും നടക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മാർച്ച് 31-ഓടുകൂടി അതിന്റെ പണി തീരും. ആ സബ്സ്റ്റേഷൻ കമ്മീഷൻ ചെയ്യുമ്പോൾ ബാക്കി എല്ലാ പ്രശ്നങ്ങളും തീരും. എന്നാലും അങ്ങ് പറഞ്ഞത് പ്രത്യേകിച്ച് പരിഗണിച്ചുകൊണ്ട് നല്ല നിലയിൽ കാര്യങ്ങൾ പറയുന്ന ആൾ എന്ന് കണക്കിലെടുത്തുകൊണ്ട് ചിറ്റടിയിലെ കാര്യം പ്രത്യേകം പരിഗണിക്കുന്നതാണ്.

(18) കല്ലറ-പാങ്ങോട് ശുദ്ധജലവിതരണ പദ്ധതിയുടെ നിർമ്മാണം

ശ്രീ. പിരപ്പൻകോട് മുരളി: സർ, വാമനപുരം നിയോജകമണ്ഡലത്തിലെ കല്ലറ പാങ്ങോട് ശുദ്ധജലവിതരണ പദ്ധതിയുടെ പണി അടിയന്തിരമായി പൂർത്തിയാക്കണമെന്നുള്ളത് സംബന്ധിച്ചാണ് എന്റെ സബ്മിഷൻ. 1998 ഒക്ടോബറിൽ 989 ലക്ഷം രൂപ ചെലവ് പ്രതീക്ഷിച്ച് വാമനപുരം മണ്ഡലത്തിലെ കല്ലറ-പാങ്ങോട്-പുല്ലൻപാറ പഞ്ചായത്തുകളിലും നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ വെമ്പായം-പനവൂർ പഞ്ചായത്തുകളിലും കുടിവെള്ളം നൽകാനായി ആരംഭിച്ച പദ്ധതിയാണിത്. ഏതാണ്ട് 75% പണിയും പൂർത്തിയായി. 500 ലക്ഷത്തിലേറെ രൂപ ചെലവായി. അരുവിപ്പുറത്ത് 150 ഹോഴ്സ് പവറുള്ള 3 പമ്പ്സെറ്റ് സ്ഥാപിച്ചു. ശുദ്ധീകരണ ടാങ്കിന്റെ നിർമ്മാണം 4 കൊല്ലം മുമ്പ് പൂർത്തിയായി. 14 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂതലജലസംഭരണി പൂർത്തിയായി. 300 എം.എം. വ്യാസമുള്ള clear water pumping main-ന്റെ പണി പൂർത്തിയായി. 100 ഹോഴ്സ്പവർ clear water pump-ഉം 15 കിലോമീറ്റർ ദൂരം വിതരണശൃംഖലയും സ്ഥാപിച്ചുകഴിഞ്ഞു. അരുവിപ്പുറം പമ്പ്ഹൗസിൽനിന്ന് തെങ്ങിൻകോട്ട ശുദ്ധീകരണശാലയിലേക്കും അവിടെനിന്ന് കൊടിതൂക്കിക്കുന്നിലെ ഓവർഹെഡ് ടാങ്കിലേക്കുമുള്ള പൈപ്പ്ലൈനിന്റെ പണിയാണ് ഇനി അവശേഷിക്കുന്നത്. വാട്ടർ അതോറിറ്റി അധികാരികളുടെ അനാസ്ഥയും അശ്രദ്ധയും കാരണം ഏറ്റവും ഒടുവിൽ വിളിച്ച ടെന്റർ ക്രമവിരുദ്ധമാണെന്ന് കാണിച്ച് ടെക്നിക്കൽ എക്സാമിനർ അത് റദ്ദുചെയ്തിരിക്കുകയാണ്. കഴിഞ്ഞ 4 വർഷമായി അവിടെ യാതൊരു പണിയും നടക്കുന്നില്ല. ഈ വിഷയത്തെക്കുറിച്ച് ഇതെന്റെ 6-ാമത്തെ സബ്മിഷനാണ്. മന്ത്രിമാർ പങ്കെടുത്ത റിവ്യൂ മീറ്റിംഗിൽ ഇതു സംബന്ധിച്ച് നാലഞ്ചുതവണ ചർച്ചനടത്തി. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ വന്നിട്ടും വഞ്ചി തിരുനക്കരയാണെന്നു പറയുന്നതിൽ എനിക്ക് സങ്കടമുണ്ട്. അടിയന്തിരമായി ഇത് പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):* സർ, അദ്ദേഹം ഒരു സാഹിത്യകാരനായതുകൊണ്ട് ഭാഷയ്ക്കു നല്ല പ്രയോഗശുദ്ധിയുണ്ട്. എന്റെ ഒരു ബന്ധുകൂടിയാണ് അദ്ദേഹം. മേൽപ്പറഞ്ഞ കിണറിന്റെ 95 ശതമാനം പണിയും 10 ലക്ഷം ലിറ്റർ ശുദ്ധീകരണശാലയുടെയും കൊടിതൂക്കിക്കുന്നിലെ ഉപരിതല ടാങ്കിന്റെയും റാ വാട്ടർ ക്ലിയർ പമ്പിംഗ്

LIBRARY ARCHIVES Kerala Legislative Assembly